***FROM THE APOSTOLIC SEE OF MALANKARA METROPOLITAN***
***DR. JOSEPH MAR THOMA***

Circular No. 196

***Blessings of our Lord Jesus Christ be with the Vicars, Office-Bearers of Parishes, Members of the Sabha Prathindhi Mandalam, Clergy and the believers of our Church***

Beloved in Christ,

Our Prathinidhi Mandalam is the forum for taking appropriate decisions to enable the Church to carry on its mission effectively. You must have come to understand through the columns of *Sabha Tharaka* that this year's Mandalam meeting is to be held on the 9th, 10th and 11th (Tuesday, Wednesday & Thursday) of September 2014. The assembly will take place at Dr. Alexander Mar Thoma Memorial Auditorium at Tiruvalla. The Sabha Secretary will issue the official notification in this regard.

Given below are the regulations governing the conduct of the elections through ballot, both at the Diocesan level and during the Mandalam meeting: -

1. As elections are to be seen as a solemn responsibility and be conducted with great care, the members of the Mandalam should carry out their duty prayerfully.
2. Those elected should be people who fear God and are of noble character, willing to be partners in fulfilling the mission of the Church, and who can devote time for the same.
3. The Sabha Secretary will publish the voters' list at the Sabha Office on Wednesday, the 9th of July 2014. It will include the names of Mandalam members received till 5.00 p.m. on Tuesday 8th July 2014. The list will be published at the Diocesan Headquarters on Thursday 10th July.
4. Objections, if any, regarding the list must be brought to the attention of the Metropolitan through the respective Diocesan Bishop or the Diocesan Office by 5.00 p.m. on Saturday 19th July 2014. The decision of the Metropolitan shall be final.
5. After considering the objections, the final list of voters will be published at the Sabha Office and on the Website of the Church, and the relevant portions at the Diocesan Headquarters by 5.00 p.m. on Thursday 24th July 2014.
6. Copies of the Voters' List can be purchased from the Sabha / Diocesan Offices.
7. In the nomination paper, the names of the candidates and of those who propose and second the candidature, the names of the parishes and the register numbers must be exactly the same as shown in the Voters' List.
8. In the case of the Clergy, however, it will be acceptable if the name of the parish or the institution where he works is shown.
9. No canvassing is permitted on the day of the elections on the premises where elections are held. Admission to the vicinity of the polling booth is restricted to Mandalam members and appointed officials.
10. The Returning Officers shall have the authority to take decisions and give directions regarding the conduct of the elections, subject to the decision of the Metropolitan.
11. Out of those who are elected to the Sabha Council on the basis of Diocesan representation, 50% shall be new members. (In the case of a Diocese electing 5 members, 3 shall be new members and in the case of a Diocese electing 4 members, 2 shall be new members. In the case of a Diocese electing 3 members, 2 shall be new members. If the Diocese is eligible to elect only one member, it shall be a new member).

12. From each diocese, except the Malaysia - Singapore – Australia – New Zealand Diocese, one clergyman and, as lay representatives, one man and one woman shall be elected. In the Dioceses from where four or more members are to be elected, the fourth member shall be the person securing the highest number of votes from among the remaining lay candidates. The fifth member shall be the person securing the highest number of votes from among the remaining clergy and lay candidates taken together.

    If at least two members are not elected to the Sabha Council from among those who became members of the Church as a result of the Church's evangelistic work, the Metropolitan will nominate the person/persons securing the highest percentage of votes, so as to have two members in the Sabha Council from this category, but not more than one from any particular diocese.

13. The responsibility over the elections conducted through the Dioceses shall be vested in the concerned Diocesan Bishop. The Diocesan Episcopa shall be free to appoint a Returning Officer if deemed necessary. The Returning Officer so appointed shall discharge his responsibilities subject to the directive of the Diocesan Episcopa and also in accordance with the Church Constitution. Other directives regarding such elections will be given by the Diocesan Bishop.

14. For convenience, in the case of Delhi, Mumbai, Chennai - Bangalore, Malaysia - Singapore - Australia – New Zealand and North America - Europe Dioceses, the elections will be conducted by postal ballot under the responsibility of the concerned Diocesan Bishops with the permission of the Metropolitan.

15. The election from the Gulf region will be conducted by postal ballot under the responsibility of the Metropolitan.

16. The total number of lay members from a Diocese is calculated on the basis of the number of those eligible to be elected from the parishes, those nominated by the Metropolitan and the representatives of the recognized organizations.

17. Those members nominated by the Metropolitan and the representatives of the recognized organizations will be members of the Dioceses to which their respective parishes are attached.

18. The number of members to be elected to the Council from each Diocese in accordance with Clause 164(1) (a) of the Constitution is fixed as given below: -

| Sl. No | Diocese | Total No.of lay members envisaged | Number of Council Members |
|---|---|---|---|
| 1 | Niranam – Maramon | 88 | 4 |
| 2 | Chengannur – Mavelikkara | 88 | 4 |
| 3 | Ranny- Nilackal | 124 | 5 |
| 4 | North America – Europe | 63 | 3 |
| 5 | Kottarakkara – Punalur | 87 | 4 |
| 6 | Adoor | 78 | 4 |
| 7 | Thiruvananthapuram – Kollam | 76 | 4 |
| 8 | Chennai – Bangalore | 55 | 3 |
| 9 | Delhi | 38 | 3 |
| 10 | Kottayam – Kochi | 94 | 4 |
| 11 | Kunnamkulam – Malabar | 58 | 3 |
| 12 | Mumbai | 50 | 3 |
| 13 | Malaysia-Singapore –Australia–New Zealand | 13 | 1 |
| 14 | Gulf Area | 25 | 1 |

19. The election procedures shall be so scheduled as to have a gap of two weeks between the dates of the elections conducted at the Diocesan levels and that conducted during the general assembly.

20. The votes polled at the Diocesan level elections shall be counted and the results published at the Diocesan headquarters, and the same shall be reported to the Metropolitan within a week. The Sabha Secretary shall announce the results in the General Assembly and the same shall be recorded in the minutes of the Mandalam meeting.

21. For the election from a Diocese to the Sabha Council, those who propose and second a candidate must be Mandalam members from the respective Diocese / region itself.

## Election to the Sabha Council from the Dioceses in Kerala

22. Elections in the Dioceses in Kerala should be conducted as far as possible on Saturday, 9th August 2014. If the election is to be held on a different date, permission for the same must be obtained from the Metropolitan.

23. Nominations in the prescribed form must reach the Diocesan Office concerned before 1.00 p.m. on Saturday 2nd August 2014. The scrutiny of nominations will be held on the same day at 2.00 p.m. at the respective Diocesan Office under the supervision of the Returning Officer and the list of valid nominations will be published at the Diocesan Office at 5 p.m. on the same day.

24. The time for withdrawing nominations shall be till 5.00 p.m. on Tuesday 5th August 2014. The complete list of candidates in its final form will be published at the respective Diocesan Offices at 6.00 p.m. on Tuesday 5th August.

25. If the number of candidates does not exceed the stipulated number to be elected from a particular Diocese, the Returning Officer shall declare the candidates to have been elected.

26. The model of the nomination form to be submitted is sent herewith.

## Elections to be held during the Meeting of the Mandalam

27. Elections to the following posts for the period 2014–2017 will be held from 11.00 a.m. to 2.00 p.m. on Thursday, 11th September 2014:–

| Sl. No. | Post | Number |
|---|---|---|
| 1 | Sabha Secretary | 1 |
| 2. | Clergy Trustee | 1 |
| 3. | Lay Trustee & Treasurer | 1 |
| 4. | Vaideeka Selection Committee | |
| | 1. Clergy | 5 |
| | 2. Laity | 8 |

28. All matters relating to the above elections will be under the responsibility of the Returning Officer and the supervision of the Metropolitan. The Metropolitan shall also be the Appellate Authority.

29. The Rt. Rev. Dr. Isaac Mar Philoxenos Episcopa and the Rt. Rev. Dr. Mathews Mar Makarios Episcopa are appointed as the Returning Officers to make all the necessary arrangements for the elections and give directions subject to the decisions of the Metropolitan. Assistant Returning Officers will be appointed as needed.

30. Nomination papers must reach the Sabha Office before 1.00 p.m. on Monday, 25th August 2014. Nominations received after this deadline will not be accepted. The nomination papers will be scrutinized at 2.00 p.m. on the same day under the supervision of the Returning Officer. The list of valid nominations will be published after scrutiny at 5 p.m.on the same day at the Sabha Office.

31. The time for withdrawing nominations will be till 5.00 p.m. on Thursday, 28th August 2014.

32. The complete list of candidates in its final form will be published at the Sabha Office at 6.00 p.m. on Thursday, 28th August 2014.

33. The ballots will be counted under the supervision of the Returning Officer and the results will be announced at 5.00 p.m. on Thursday 11th September 2014.

We pray that these elections may be to glorify the name of God.

Grace be with you all.

Dated 10th June 2014, from the Poolatheen, Tiruvalla

Dr. Joseph Mar Thoma Metropolitan

**Malankara Mar Thoma Syrian Church Prathinidhi Mandalam**

# Nomination Form

Name of the post ... ... ... ... ... ... ... ... ... ... ... ... ... .. ... ... ... ... ... ... ... ... ....

| Name & Address<br>Of the Candidate | M/F | Reg.No | Parish | Diocese | Signature |
|---|---|---|---|---|---|
| | | | | | |
| **Proposed by:<br>Name &Address** | **M/F** | **Reg.No** | **Parish** | **Diocese** | **Signature** |
| | | | | | |
| **Seconded by:<br>Name &Address** | **M/F** | **Reg.No** | **Parish** | **Diocese** | **Signature** |
| | | | | | |

I agree to be a candidate for the post said above.

Name of the Candidate ……………………………………………………….

Address ……………………………………………………….

……………………………………………………….

……………………………………………………….

Place:………………………….

**Date:…………………………..** **Signature……………………………………..**

---

Note:- 1. The 'Register Number' must be exactly the same as in the voters list. The same number will be shown on the attendance slip.

2. Those who want to submit nominations to more than one Post shall submit separate forms for each.

# *മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ*
# *ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും*

സർക്കുലർ നമ്പർ 196

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

സഭയുടെ കാര്യക്ഷമമായ നടത്തിപ്പിലൂടെ ദൗത്യനിർവ്വഹണം തുടരുന്നതിന് സഹായകമായ തീരുമാനങ്ങൾ എടുക്കുന്ന വേദിയാണല്ലോ നമ്മുടെ സഭാ പ്രതിനിധി മണ്ഡലം. ഈ വർഷത്തെ മണ്ഡലയോഗം 2014 സെപ്റ്റംബർ 9, 10, 11 (ചൊവ്വാ, ബുധൻ, വ്യാഴം) എന്നീ ദിവസങ്ങളിൽ നടത്തുന്നതാണെന്നുള്ള വിവരം സഭാതാരകയിൽ കൂടി അറിഞ്ഞിരിക്കുമല്ലോ. ഈ യോഗം തിരുവല്ലായിൽ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്. മണ്ഡലം സംബന്ധിച്ചുള്ള നിയമാനുസൃതമായ നോട്ടീസ് സഭാ സെക്രട്ടറി അയച്ചു തരുന്നതാണ്.

മണ്ഡല യോഗത്തിൽവെച്ചും ഭദ്രാസനങ്ങളിൽകൂടെയും ബാലറ്റ് മുഖാന്തരം നടത്തപ്പെടുന്ന തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങൾ ചുവടെ ചേർക്കുന്നു : –

1. തെരഞ്ഞെടുപ്പ് അതിഗൗരവമായ ചുമതലയും ശ്രദ്ധയോടെ ചെയ്യേണ്ടതുമാകയാൽ മണ്ഡലാംഗങ്ങൾ പ്രാർത്ഥനാപൂർവ്വം ആ കർത്തവ്യം നിറവേറ്റേണ്ടതാണ്.
2. തെരഞ്ഞെടുക്കപ്പെടുന്നവർ ദൈവഭക്തിയും ഉത്തമസ്വഭാവവും ഉള്ളവരും സഭയുടെ ദൗത്യത്തിൽ പങ്കാളികളാകുവാൻ സന്നദ്ധതയുള്ളവരും, ആയതിന് സമയം കണ്ടെത്തുവാൻ കഴിയുന്നവരും ആയിരിക്കണം.
3. 2014 ജൂലൈ 8-ാം തീയതി ചൊവ്വാഴ്ച 5.00 പി. എം. വരെ ലഭിക്കുന്ന മണ്ഡലാംഗങ്ങളുടെ പേരുവിവരം ചേർത്ത് 2014 ജൂലൈ 9-ാം തീയതി ബുധനാഴ്ച സഭാ സെക്രട്ടറി വോട്ടർ പട്ടിക സഭാ ആഫീസിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത ലിസ്റ്റിന്റെ പ്രാദേശികമായ പ്രസക്തഭാഗങ്ങൾ അതത് ഭദ്രാസന ആസ്ഥാനങ്ങളിൽ ജൂലൈ 10ാം തീയതി വ്യാഴാഴ്ച പ്രസിദ്ധീകരിക്കും.
4. ഈ ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം 2014 ജൂലൈ 19-ാം തീയതി ശനിയാഴ്ച 5.00 പി.എം.ന് മുമ്പായി അതത് ഭദ്രാസന അദ്ധ്യക്ഷനിലൂടെയോ, ഭദ്രാസന ഓഫീസിലൂടെയോ മെത്രാപ്പോലീത്തായെ അറിയിക്കണം. മെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമമായിരിക്കും.
5. ആക്ഷേപ നടപടികൾക്കു ശേഷം അന്തിമ വോട്ടർപട്ടിക സഭാ ആഫീസിലും, സഭയുടെ വെബ്സൈറ്റിലും, പ്രസക്ത ഭാഗങ്ങൾ അതത് ഭദ്രാസന ആസ്ഥാനങ്ങളിലും 2014 ജൂലൈ 24-ാം തീയതി വ്യാഴാഴ്ച 5.00 പി.എം.ന് പ്രസിദ്ധീകരിക്കുന്നതാണ്.
6. സഭ/ഭദ്രാസന ആഫീസുകളിൽ നിന്നും വോട്ടർ പട്ടികയുടെ കോപ്പികൾ വിലയ്ക്കു വാങ്ങാവുന്നതാണ്.
7. നാമനിർദ്ദേശ പത്രികയിൽ സ്ഥാനാർത്ഥികളുടെ പേരും, നിർദ്ദേശകരുടെയും അനുവാദകരുടെയും പേരുകളും, രജിസ്റ്റർ നമ്പരുകളും, ഇടവകകളും, വോട്ടേഴ്സ് ലിസ്റ്റിലെപ്പോലെ തന്നെ ആയിരിക്കേണ്ടതാണ്.
8. എന്നാൽ പട്ടക്കാരെ സംബന്ധിച്ചിടത്തോളം അവർ ശുശ്രൂഷ ചെയ്യുന്ന ഇടവകയുടെയോ സ്ഥാപനത്തിന്റെയോ പേരു ചേർത്താലും സ്വീകാര്യമാണ്.
9. തെരഞ്ഞെടുപ്പ് ദിവസം വോട്ടെടുപ്പ് നടത്തുന്ന ക്യാമ്പസിൽ തെരഞ്ഞെടുപ്പ് പ്രചാരണം പാടില്ല. പോളിംഗ് ബൂത്തിനു സമീപം മണ്ഡലാംഗങ്ങൾക്കും നിയമിതരായ ഉദ്യോഗസ്ഥന്മാർക്കും മാത്രമേ പ്രവേശനം ഉണ്ടായിരിക്കയുള്ളൂ.
10. മെത്രാപ്പോലീത്തായുടെ തീരുമാനത്തിനു വിധേയമായി തെരഞ്ഞെടുപ്പ് സംബന്ധമായ നിർദ്ദേശങ്ങൾ നൽകുന്നതിനും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും വരണാധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
11. സഭാ കൗൺസിലിലേക്ക് ഭദ്രാസന അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവരിൽ കുറഞ്ഞത് അൻപത് ശതമാനം പുതിയ അംഗങ്ങൾ ആയിരിക്കണം. (അഞ്ച് പേർ തെരഞ്ഞെടുക്കപ്പെടുന്ന ഭദ്രാസനങ്ങളിൽ നിന്ന് മൂന്ന് അംഗങ്ങളും നാലു പേർ തെരഞ്ഞെടുക്കപ്പെടുന്ന ഭദ്രാസനങ്ങളിൽ നിന്ന് രണ്ട് അംഗങ്ങളും മൂന്നു പേർ തെരഞ്ഞെടുക്കപ്പെടുന്ന ഭദ്രാസനങ്ങളിൽ നിന്ന് രണ്ട് അംഗങ്ങളും പുതിയ അംഗങ്ങൾ ആയിരിക്കണം. ഒരാൾ മാത്രമാണെങ്കിൽ ആ അംഗം പുതിയതായിരിക്കണം).

12. മലേഷ്യ-സിംഗപ്പൂർ-ആസ്ട്രേലിയ-ന്യൂസിലാൻഡ് ഭദ്രാസനം ഒഴികെയുള്ള മറ്റെല്ലാ ഭദ്രാസനങ്ങളിൽ നിന്നും ഒരു പട്ടക്കാരനും അത്മായ പ്രതിനിധികളായി ഒരു പുരുഷനും ഒരു സ്ത്രീയും തെരഞ്ഞെടുക്കപ്പെട്ടിരിക്കണം. നാലോ അതിലധികമോ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടേണ്ട ഭദ്രാസനങ്ങളിൽ നാലാമത്തെ അംഗം ശേഷിക്കുന്ന അത്മായ സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതൽ വോട്ടു ലഭിക്കുന്ന ആളും, അഞ്ചാമത്തെ അംഗം പട്ടക്കാരും അത്മായരും ഉൾപ്പെടെ ശേഷിക്കുന്ന സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതൽ വോട്ടു ലഭിക്കുന്ന ആളും ആയിരിക്കും.

സഭയുടെ സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി സഭാംഗങ്ങളായി ചേർന്നിട്ടുള്ളവരിൽ നിന്നും സഭാ കൗൺസിലിലേക്ക് രണ്ട് പേരെങ്കിലും തെരഞ്ഞെടുക്കപ്പെടുന്നില്ലെങ്കിൽ, ഈ വിഭാഗം മണ്ഡലാംഗങ്ങളിൽ നിന്നും രണ്ടു പേർ സഭാ കൗൺസിലിൽ ഉണ്ടാകത്തക്കവണ്ണം, ഏറ്റവും കൂടുതൽ ശതമാനം വോട്ടു ലഭിച്ച ആളിനെയോ, ആളുകളെയോ, ഒരു ഭദ്രാസനത്തിൽ നിന്നും ഒന്നിൽ കൂടാത്തവണ്ണം മെത്രാപ്പോലീത്താ നോമിനേറ്റു ചെയ്യുന്നതാണ്.

13. ഭദ്രാസനങ്ങളിൽ കൂടെ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പിന്റെ പൂർണ്ണ ചുമതല അതത് ഭദ്രാസന അദ്ധ്യക്ഷന്മാരിൽ നിക്ഷിപ്തമായിരിക്കും. തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനായി ഭദ്രാസന അദ്ധ്യക്ഷൻ ഒരു വരണാധികാരിയെ നിയമിക്കുന്ന പക്ഷം അദ്ദേഹം ഭദ്രാസന അദ്ധ്യക്ഷന്റെ തീരുമാനത്തിനും സഭാ ഭരണഘടനയ്ക്കും വിധേയമായി തെരഞ്ഞെടുപ്പ് സംബന്ധമായ എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതാണ്. പ്രസ്തുത തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള ഇതര നിർദ്ദേശങ്ങൾ അതതു ഭദ്രാസന അദ്ധ്യക്ഷന്മാർ അറിയിക്കുന്നതാണ്.

14. ഡൽഹി, മുംബൈ, ചെന്നൈ - ബാംഗ്ലൂർ, മലേഷ്യ-സിംഗപ്പൂർ - ആസ്ട്രേലിയ - ന്യൂസിലൻഡ്, നോർത്ത് അമേരിക്ക-യൂറോപ്പ് എന്നീ ഭദ്രാസനങ്ങളിൽ നിന്നുള്ള തെരഞ്ഞെടുപ്പ്, സൗക ര്യാർത്ഥം, പോസ്റ്റൽ ബാലറ്റ് മുഖേന മെത്രാപ്പോലീത്തായുടെ അനുമതിയോടെ അതത് ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലയിൽ നടത്തപ്പെടുന്നതാണ്.

15. ഗൾഫ് മേഖലയിൽ നിന്നുള്ള തെരഞ്ഞെടുപ്പ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ പോസ്റ്റൽ ബാലറ്റ് മുഖേന നടത്തപ്പെടുന്നതാണ്.

16. ഭദ്രാസനങ്ങളിലെ അത്മായ മണ്ഡലാംഗങ്ങളുടെ ആകെ സംഖ്യ കണക്കാക്കുന്നത്, ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടാവുന്നവരും, മെത്രാപ്പോലീത്തായാൽ മണ്ഡലത്തിലേക്ക് നോമിനേറ്റ് ചെയ്യപ്പെടുന്നവരും, അംഗീകൃത സംഘടനകളുടെ പ്രതിനിധികളും ഉൾപ്പെടുന്നതായിരിക്കും.

17. മെത്രാപ്പോലീത്തായാൽ നോമിനേറ്റ് ചെയ്യപ്പെടുന്നവരും അംഗീകൃത സംഘടനകളുടെ പ്രതിനിധികളും യഥാക്രമം അവരവർ ഉൾപ്പെടുന്ന ഇടവകകൾ സ്ഥിതി ചെയ്യുന്ന ഭദ്രാസനങ്ങളിലെ അംഗങ്ങളായിരിക്കും.

18. ഭരണഘടന 164(1) (a) അനുസരിച്ച് ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട കൗൺസിൽ അംഗങ്ങളുടെ സംഖ്യ താഴെപ്പറയും പ്രകാരം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു:

| നമ്പർ | ഭദ്രാസനം | ആകെ വരാവുന്ന അത്മായഅംഗങ്ങൾ | കൗൺസിൽ അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | നിരണം - മാരാമൺ | 88 | 4 |
| 2 | ചെങ്ങന്നൂർ - മാവേലിക്കര | 88 | 4 |
| 3 | റാന്നി - നിലയ്ക്കൽ | 124 | 5 |
| 4 | നോർത്ത് അമേരിക്ക-യൂറോപ്പ് | 63 | 3 |
| 5 | കൊട്ടാരക്കര - പുനലൂർ | 87 | 4 |
| 6 | അടൂർ | 78 | 4 |
| 7 | തിരുവനന്തപുരം - കൊല്ലം | 76 | 4 |
| 8 | ചെന്നൈ - ബാംഗ്ലൂർ | 55 | 3 |
| 9 | ഡൽഹി | 38 | 3 |
| 10 | കോട്ടയം - കൊച്ചി | 94 | 4 |
| 11 | കുന്നംകുളം - മലബാർ | 58 | 3 |
| 12 | മുംബൈ | 50 | 3 |
| 13 | മലേഷ്യ-സിംഗപ്പൂർ-ആസ്ട്രേലിയ-ന്യൂസിലൻഡ് | 13 | 1 |
| 14 | ഗൾഫ് ഏറിയ | 25 | 1 |

19. ഭദ്രാസനാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പുകളുടെ തീയതിയും പൊതുമണ്ഡലയോഗത്തിന്റെ തീയതിയും തമ്മിൽ രണ്ട് ആഴ്ചകളുടെ വ്യത്യാസം ഉണ്ടായിരിക്കത്തക്കവണ്ണം തെരഞ്ഞെടുപ്പു നടപടികൾ ക്രമീകരിക്കേണ്ടതാണ്.

20. ഭദ്രാസനാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണി ഫലം പ്രഖ്യാപി ക്കേണ്ടതും, അത് ഭദ്രാസനാഫീസിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, ഒരാഴ്ചയ്ക്കകം മെത്രാപ്പോലീത്തായ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, സഭാ സെക്രട്ടറി പൊതു മണ്ഡല ത്തിൽ പ്രസ്താവിക്കേണ്ടതും ആയത് മണ്ഡലയോഗ മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

21. ഭദ്രാസനത്തിൽ നിന്നും സഭാ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പിൽ നിർദ്ദേക കനും അനുവാദകനും അതാത് ഭദ്രാസനത്തിൽ/മേഖലയിൽപ്പെട്ട മണ്ഡലാംഗങ്ങൾ തന്നെയായിരിക്കണം.

## കേരളത്തിലെ ഭദ്രാസനങ്ങളിൽനിന്നും സഭാ കൗൺസിലിലേക്ക് നടത്തപ്പെടുന്ന തെരഞ്ഞെടുപ്പ്

22. കേരളത്തിലെ ഭദ്രാസനങ്ങളിലെ തെരഞ്ഞെടുപ്പ് കഴിവതും 2014 ആഗസ്റ്റ് 9-ാം തീയതി ശനിയാഴ്ച നടത്തേണ്ടതാണ്. പ്രസ്തുത തീയതിയ്ക്ക് വ്യത്യാസമുള്ളപക്ഷം മെത്രാപ്പോലീത്തായുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

23. നാമനിർദ്ദേശ പത്രികകൾ നിർദ്ദിഷ്ട ഫോറത്തിൽ 2014 ആഗസ്റ്റ് 2-ാം തീയതി ശനിയാഴ്ച 1.00 പി. എം.ന് മുമ്പായി അതത് ഭദ്രാസന ആഫീസുകളിൽ ലഭിച്ചിരിക്കണം. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന അന്നേ ദിവസം 2.00 പി.എം.ന് അതത് ഭദ്രാസന ആഫീസുകളിൽവെച്ച് അതത് വരണാധികാരികളുടെ മേൽ നോട്ടത്തിൽ നടത്തപ്പെടുന്നതും സ്വീകരിക്കപ്പെടുന്ന പേരുകൾ അന്നുതന്നെ വൈകിട്ട് 5 മണിക്ക് അതത് ഭദ്രാസന ആഫീസുകളിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

24. നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാനുള്ള അവസാന സമയം 2014 ആഗസ്റ്റ് 5-ാം തീയതി ചൊവ്വാഴ്ച 5.00 പി.എം. വരെ ആയിരിക്കുന്നതാണ്. സ്ഥാനാർത്ഥികളുടെ പൂർണ്ണ ലിസ്റ്റ് അന്തിമരൂപത്തിൽ 2014 ആഗസ്റ്റ് 5-ാം തീയതി ചൊവ്വാഴ്ച 6.00 പി.എം.ന് അതത് ഭദ്രാസന ആഫീസുകളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

25. തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണത്തിൽ കൂടുതൽ നിർദ്ദേശിതർ ഇല്ലാതെയിരുന്നാൽ നിർദ്ദേശിക്കപ്പെട്ട സ്ഥാനികൾ തെരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കുന്നതാണ്.

26. സമർപ്പിക്കേണ്ട നാമനിർദ്ദേശ പത്രികയുടെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു

## മണ്ഡല യോഗത്തിൽവെച്ച് നടത്തപ്പെടുന്ന തെരഞ്ഞെടുപ്പുകൾ

27. 2014 സെപ്റ്റംബർ 11-ാം തീയതി വ്യാഴാഴ്ച 11.00 എ.എം മുതൽ 2.00 പി.എം. വരെ 2014—2017 കാലയളവിലേക്ക് താഴെപറയുന്ന സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

| നമ്പർ | സ്ഥാനം | എണ്ണം |
|---|---|---|
| 1 | സഭാ സെക്രട്ടറി | 1 |
| 2 | വൈദിക ട്രസ്റ്റി | 1 |
| 3 | അത്മായ ട്രസ്റ്റി ആന്റ് ഖജാൻജി | 1 |
| 4 | വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി | |
| (i) | വൈദീകർ | 5 |
| (ii) | അത്മായർ | 8 |

28. പ്രസ്തുത തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച എല്ലാ കാര്യങ്ങളും മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിലും വരണാധികാരിയുടെ ചുമതലയിലും ആയിരിക്കും. മെത്രാപ്പോലീത്താ അപ്പലേറ്റ് അതോറിറ്റിയും ആയിരിക്കുന്നതാണ്.

29. തെരഞ്ഞെടുപ്പു സംബന്ധിച്ച് ക്രമീകരണങ്ങൾ ചെയ്യുന്നതിനും മെത്രാപ്പോലീത്തായുടെ തീരുമാനങ്ങൾക്ക് വിധേയമായി നിർദ്ദേശങ്ങൾ നൽകുന്നതിനും റൈറ്റ് റവ.ഡോ.ഐസക് മാർ ഫീലക്സിനോസ് എപ്പിസ്ക്കോപ്പാ, റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പാ എന്നിവരെ വരണാധികാരികളായി നിയമിച്ചിരിക്കുന്നു. ആവശ്യാനുസരണം സഹവരണാധികാരികളെയും നിയമിക്കുന്നതാണ്.

30. നാമനിർദ്ദേശ പത്രികകൾ 2014 ആഗസ്റ്റ് 25-ാം തീയതി തിങ്കളാഴ്ച 1.00 പി.എം.ന് മുൻപായി സഭാ ആഫീസിൽ ലഭിച്ചിരിക്കണം. അതിനുശേഷം ലഭിക്കുന്ന പത്രികകൾ സ്വീകരിക്കുന്നതല്ല. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന അന്നേ ദിവസം 2.00 പി.എം.ന് സഭാ ആഫീസിൽ വരണാധികാരിയുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്. സൂക്ഷ്മപരിശോധനയ്ക്ക് ശേഷം സ്വീകരിക്കപ്പെടുന്ന സ്ഥാനാർത്ഥി കളുടെ പേരുകൾ അന്നുതന്നെ വൈകിട്ട് 5 മണിയ്ക്ക് സഭാ ആഫീസിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

31. നാമനിർദ്ദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള അവസാന സമയം 2014 ആഗസ്റ്റ് 28-ാം തീയതി വ്യാഴാഴ്ച 5.00 പി.എം. വരെ ആയിരിക്കും.

32. സ്ഥാനാർത്ഥികളുടെ പൂർണ്ണ ലിസ്റ്റ് അന്തിമ രൂപത്തിൽ 2014 ആഗസ്റ്റ് 28-ാം തീയതി വ്യാഴാഴ്ച 6.00 പി.എം.ന് സഭാ ആഫീസിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

33. 2014 സെപ്റ്റംബർ 11-ാം തീയതി വ്യാഴാഴ്ച 5.00 പി.എം.ന് വരണാധികാരിയുടെ മേൽ നോട്ടത്തിൽ വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തി ഫലം പ്രഖ്യാപിക്കുന്നതായിരിക്കും.

ഈ തെരഞ്ഞെടുപ്പുകൾ ദൈവനാമ മഹത്വത്തിനായി ഭവിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2014 ജൂൺ 10—ാം തീയതി,

J. mmalabar

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

# മലങ്കര മാർത്തോമ്മാ സുറിയാനി സഭാ പ്രതിനിധി മണ്ഡലം

## നാമനിർദ്ദേശ പത്രിക

**ഏത് സ്ഥാനം ........................................................................................**

| സ്ഥാനാർത്ഥിയുടെ പേരും<br>മേൽവിലാസവും | സ്ത്രീ/<br>പുരു<br>ഷൻ | രജി<br>സ്റ്റർ<br>നമ്പർ | ഇടവക | ഭദ്രാസനം | ഒപ്പ് |
|---|---|---|---|---|---|
| | | | | | |
| നിർദ്ദേശകന്റെ പേരും<br>മേൽവിലാസവും | സ്ത്രീ/<br>പുരു<br>ഷൻ | രജി<br>സ്റ്റർ<br>നമ്പർ | ഇടവക | ഭദ്രാസനം | ഒപ്പ് |
| | | | | | |
| അനുവാദകന്റെ പേരും<br>മേൽവിലാസവും | സ്ത്രീ/<br>പുരു<br>ഷൻ | രജി<br>സ്റ്റർ<br>നമ്പർ | ഇടവക | ഭദ്രാസനം | ഒപ്പ് |
| | | | | | |

മേൽപറഞ്ഞിരിക്കുന്ന സ്ഥാനത്തേക്ക് ഞാൻ സ്ഥാനാർത്ഥിയാകുന്നതിന് സമ്മതിച്ചിരിക്കുന്നു.

സ്ഥാനാർത്ഥിയുടെ പേര് :.........................................................................

മേൽവിലാസം :.........................................................................

.........................................................................

.........................................................................

സ്ഥലം..............................

തീയതി............................. ഒപ്പ്.............................

---

നോട്ട്: 1) ഹാജർ ടിക്കറ്റിൽ ചേർത്തിരിക്കുന്ന നമ്പർ തന്നെ രജിസ്റ്റർ നമ്പറും വോട്ടേഴ്സ് ലിസ്റ്റിലെ നമ്പറും ആയിരിക്കും.

2) ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് നാമനിർദ്ദേശ പത്രികകൾ കൊടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓരോ സ്ഥാനത്തേക്കും പ്രത്യേകം പ്രത്യേകം നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ടതാണ്.